വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

ഗൾഫ് രാജ്യങ്ങളിൽനിന്നും കേരളത്തിലേക്ക് അയക്കുന്ന സംഖ്യകൾ സ്വരൂപിച്ച് വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് ഒരു നോൺ ബാങ്കിംഗ് ഏജൻസി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ഇന്ത്യാ ഗവൺമെൻറുമായി ആലോചിച്ചുവരികയാണ്.

കയർ തൊഴിലാളികളുടെ പ്രശ്നങ്ങൾ

*213 [228] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:

,, പി. ആർ. ശിവൻ:

,, എൻ. സുബ്രഹ്മണ്യഷേണായ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തൊണ്ടിൻെറ വില, തൊഴിലാളികളുടെ കൂലി, കയറിൻെറയും കയറുൽപ്പന്നങ്ങളുടെയും വില എന്നിവ കാലാകാലങ്ങളിൽ ബന്ധപ്പെടുത്തി തീരുമാനിക്കുന്നതിന് തൊഴിലാളികളുടെയും, കൃഷിക്കാരുടെയും വ്യവസായികളുടെയും, സർക്കാരിൻെറയും പ്രതിനിധികളടങ്ങുന്ന സമിതികൾ രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവൺമെൻറിൻെറ നിലപാട് വ്യക്തമാക്കുമോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) തൊണ്ടിൻെറ വില നിശ്ചയിക്കുന്നത് ലൈസൻസിംഗ് ഓഫീസർകൂടിയായ കയർ വികസന ഡയറക്ടറാണ്. കയർ അഡ്വൈസറി ബോർഡിൻെറ ശുപാർശയുടെ അടിസ്ഥാനത്തിൽ കൂടിയാണ് തീരുമാനമെടുക്കുന്നത്. തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നത് മിനിമം വേജസ് ആക്ടിൻെറ അടിസ്ഥാനത്തിലാണ്. കയറിൻെറയും കയറുൽപ്പന്നങ്ങളുടെയും മാർക്കറ്റു വിലയുടെ അടിസ്ഥാനം കാലാകാലങ്ങളിൽ വിദേശവിപണിയിൽ കയറുൽപ്പന്നങ്ങൾക്കു വരുന്ന വിലയുടെ ഏറ്റക്കുറച്ചിലിൻെറ അടിസ്ഥാനത്തിലാണ്.

കയർ അഡ്വൈസറി ബോർഡ് നിലവിലുള്ളതുകൊണ്ട്, പ്രത്യേകം സമിതികളുടെ ആവശ്യം ഇപ്പോൾ ഇല്ല.

സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയിൽ അഭിഭാഷകരെ ഉൾപ്പെടുത്തൽ

*214 [229] ശ്രീ. ടി. എം. ജേക്കബ്:

,, പി. സി. ജോസഫ്:

,, ഡോ. ജോർജ്ജ് മാത്യു: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഡോക്ടർമാർ, എഞ്ചിനീയർമാർ, മറ്റു വിദഗ്ദ്ധർ എന്നിവർക്കു നൽകിവരുന്നതുപോലെയുള്ള സാമ്പത്തികസഹായങ്ങൾ അഭിഭാഷകർക്കുകൂടി നൽകുന്നതിന് ഗവൺമെൻറ് ശുപാർശ ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ഡോക്ടർമാർ, എഞ്ചിനീയർമാർ എന്നിങ്ങനെയുള്ള വിദഗ്ദ്ധ വിഭാഗങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന ഒരു പദ്ധതി ഇപ്പോൾ നിലവിലില്ല. അതുകൊണ്ട് അങ്ങനെയുള്ള സഹായങ്ങൾ അഭിഭാഷകർക്കുകൂടി നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല.

സൗജന്യ നിയമസഹായം

*215 [230] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിയിൽനിന്നു പിരിച്ചയയ്ക്കപ്പെട്ട തൊഴിലാളികളുടെ കേസുകൾ ലേബർ കോടതികളിലും മറ്റും കൈകാര്യം ചെയ്യുവാൻ അവർക്ക് സൗജന്യ നിയമസഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടെന്നുള്ള പ്രഖ്യാപനം വന്നതിനുശേഷവും അതു നടപ്പിലാക്കിക്കാണാത്തതിന്റെ കാരണം എന്താണ്;

(ബി) പാവപ്പെട്ടവർക്ക് സൗജന്യനിയമസഹായം നൽകുവാൻ താലൂക്കുതോറും അഡ്വക്കേറ്റുമാരെ നിയമിക്കുവാൻ പോകുന്നതായിട്ടുള്ള വാർത്ത ശരിയാണോ;

(സി) ആണെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) കൊല്ലത്തും കോഴിക്കോട്ടുമുള്ള ലേബർ കോടതികളിൽ തൊഴിലാളികളുടെ കേസുകൾ കൈകാര്യം ചെയ്യുവാൻവേണ്ടി ഓരോ അഡ്വക്കേറ്റിനെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു. ഈ ഉത്തരവനുസരിച്ച് കൊല്ലം ലേബർ കോടതിയിൽ നിയമിക്കുന്ന അഡ്വക്കേറ്റ് ആലപ്പുഴ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലെ കേസുകളിലും കോഴിക്കോട് ലേബർ കോടതിയിൽ നിയമിക്കുന്ന അഡ്വക്കേറ്റ് കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലെ കേസുകളിലുംകൂടി തൊഴിലാളികൾക്കുവേണ്ടി കേസുകൾ കൈകാര്യം ചെയ്യേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷേ, ലേബർ കോടതികളിൽ മേൽപറഞ്ഞ വിധം അഡ്വക്കേറ്റുമാരെ നിയമിച്ചുകഴിഞ്ഞിട്ടില്ല. നിയമിക്കുന്നതിനായി നടപടി എടുത്തുവരുന്നതേയുള്ളൂ. ഇനി കാലതാമസം കൂടാതെ അഡ്വക്കേറ്റുമാരെ നിയമിക്കുന്നതാണ്.

(ബി) ശരിയാണ്.

(സി) പാവങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നതിനാവശ്യമുള്ള ചട്ടങ്ങൾ 1978 മാർച്ച് 21-ാം തീയതിയിലെ ഗസറ്റിൽ ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ ചട്ടങ്ങളനുസരിച്ച് പാവങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നതിന് ഓരോ താലൂക്കിലും പ്രതിമാസം 350 രൂപ ശമ്പളത്തിൽ ഈരണ്ടു പബ്ലിക് കൗൺസിലുകളെ നിയമിക്കുന്നതാണ്. അങ്ങനെ നിയമിക്കുന്ന പബ്ലിക് കൗൺസിലുകൾ ഈ സംസ്ഥാനത്തെ മുൻസിഫ് കോടതികളിലും, മജിസ്ട്രേറ്റ് കോടതികളിലും, സബ് കോടതികളിലും, ഡിസ്ട്രിക്ട് കോടതികളിലും, ലാന്റ് ട്രൈബ്യൂണലു

LIBRARY ARCHIVES Kerala Legislative Assembly